## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7868 | 16/07/2014-ൽ മറുപടി പറയേണ്ടിയിരുന്നത്

# വൈദ്യുതോൽപാദനച്ചെലവ്

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഉല്പ്പാദിപ്പിച്ച വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വകാര്യ മേഖലയിൽ പൂർത്തീകരിച്ച വൈദ്യുത പദ്ധതികളുടെ ഉൽപാദനച്ചെലവിനെപ്പറ്റിയുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഇരുട്ടുക്കാനം stage II SHP - ₹ 2.94/യൂണിറ്റ്.
2. കാരിക്കയം SHP (10.5MW) പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നതിനുള്ള petition കമ്മീഷന്റെ പരിഗണനയിലാണ്. എന്നാൽ താൽക്കാലികമായി ₹ 4.16/ യൂണിറ്റ് നിരക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്.
3. പാമ്പുംകയം മിനി ഹൈഡ്രോ – പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നത് കമ്മീഷന്റെ പരിഗണനയിലാണ്.
4. മീൻവല്ലം SHP (3MW)-പവർ പർച്ചേസ് കരാർപ്രകാരം ഈ പദ്ധതിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് ആദ്യത്തെ 6 വർഷം 2.50 രൂപാ നിരക്കും പിന്നീടുള്ള 20 വർഷത്തേക്ക് 2.12 രൂപാ നിരക്കുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നിർമ്മാണ ചെലവ് വർദ്ധിച്ചതിനാൽ company വൈദ്യുതി നിരക്ക് പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടത് കമ്മീഷന്റെ പരിഗണനയിലാണ്.
5. കിറ്റെക്സ് Ltd-ന്റെ 1.2(MW) കാറ്റിൽനിന്നുള്ള പദ്ധതി ₹ 3.14/യൂണിറ്റ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ പുതുതായി കമ്മീഷൻ ചെയ്ത റാന്നി- പെരിനാട് ജലവൈദ്യുത പദ്ധതിയുടെ ഉത്പാദനച്ചെലവ് യൂണിറ്റൊ

ന്നിന് 4 രൂപ 05 പൈസയും, പീച്ചി ജലവൈദ്യുത പദ്ധതിയുടെ ഉത്പാദനച്ചെലവ് യൂണിറ്റൊന്നിന് 3 രൂപ 96 പൈസയും ആണ്.

**സെക്ഷൻ ഓഫീസർ**